# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 12.06.2026**

## പ്രധാനവാർത്തകൾ

1. പ്രതിഭയും, നൈപുണ്യവും കൈമുതലാക്കി സമസ്ത മേഖലകളിലും വനിതകൾ രാജ്യത്തിന്റെ ഖ്യാതി ഉയർത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2. കോഴിക്കോട് നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ്. രോഗിയുടെ റൂട്ട് മാപ്പ് പുറത്തുവിട്ടു.

3. വയനാട്ടിൽ ഏഴ് പേർക്ക് കൂടി ഷിഗല്ല സ്ഥിരീകരിച്ചു. കോഴിക്കോട് മൂന്ന് വയസ്സുകാരന് രോഗബാധ. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ആരോഗ്യവകുപ്പ്.

4. എ.പി.ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയുടെ ബിടെക്, ബി ആർക് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. ബിടെക് വിജയശതമാനം 60.1.

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. കണ്ണൂർ ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. ICC വനിതാ ടി-20 ക്രിക്കറ്റ് ലോകകപ്പിന് ഇംഗ്ലണ്ടിൽ ഇന്ന് തുടക്കം. ഫിഫ ലോകകപ്പ് ഫുട്ബോളിൽ, ഇന്ന് രാത്രി കാനഡ, ബോസ്നിയയെ നേരിടും.

*******************************

RAJU TVPM

## പ്രധാനമന്ത്രി - നാരിശക്തി

നാരി ശക്തിയാണ് രാഷ്ട്രനിർമ്മാണത്തിന്റെ അടിസ്ഥാനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അസാമാന്യമായ പ്രതിഭയും, നൈപുണ്യയും കൈമുതലാക്കി സമസ്ത മേഖലകളിലും വനിതകൾ രാജ്യത്തിൻറെ ഖ്യാതി ഉയർത്തുന്നതായും അദ്ദേഹം പറഞ്ഞു. സംരംഭകത്വം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ശുചിത്വം, ഭവന നിർമ്മാണം, കായികം, തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ നിർണായക പങ്കാണ് വഹിക്കുന്നത്. സ്ത്രീകളുടെ നേതൃപാടവം മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞ 12 വർഷമായി എൻഡിഎ സർക്കാർ നടത്തിയ ശ്രമങ്ങൾ എല്ലാ മേഖലകളിലും ദൃശ്യമാണെന്നും ശ്രീ മോദി വ്യക്തമാക്കി .

*******************************

## നിപ

നിപ ബാധിതനായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിൽസയിലുള്ള രാമനാട്ടുകര സ്വദേശിയുടെ ആരോഗ്യ നില മാറ്റമില്ലാതെ തുടരുന്നു. രോഗി കഴിഞ്ഞ ദിവസങ്ങളിൽ സഞ്ചരിച്ച സ്ഥലങ്ങളുടെ റൂട്ട് മാപ്പ് ആരോഗ്യ വകുപ്പ് പുറത്തുവിട്ടു. രോഗബാധ റിപ്പോർട്ട് ചെയ്ത രാമനാട്ടുകര നഗരസഭ പരിധിയിലും സമീപ പ്രദേശങ്ങളിലും നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ വവ്വാലുകളുടെ സാന്നിധ്യമുള്ള ഇടങ്ങൾ, വളർത്തുമൃഗങ്ങൾ, പന്നി ഫാമുകൾ എന്നിവ കേന്ദ്രീകരിച്ച് പ്രത്യേക നിരീക്ഷണവും ഫീൽഡ്തല പരിശോധനകളും ആരംഭിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാതല കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു.

*******************************

PNUTVPM

## ഷിഗെല്ല

വയനാട്ടിൽ ഏഴ് പേർക്ക് കൂടി ഷിഗല്ല രോഗം സ്ഥിരീകരിച്ചു. ഇതോടെ ജില്ലയിലെ രോഗബാധിതരുടെ എണ്ണം 16 ആയി. ചികിത്സയിൽ ഉള്ളവരുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ഡി.എം.ഒ അറിയിച്ചു. കോഴിക്കോട് പയ്യോളിയിൽ 3 വയസ്സുകാരനും ഇന്ന് ഷിഗല്ല ബാധ സ്ഥിരീകരിച്ചു. കുട്ടിയുടെ ആരോഗ്യ നില തൃപ്തികരമാണ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലും ഈ ദിവസങ്ങളിൽ ഷിഗല്ല റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു.

*********************************************

## ഷിഗെല്ല പ്രതിരോധം (ഇൻട്രോ)

കുടിവെള്ളം, ഭക്ഷണം എന്നിവയുടെ ശുചിത്വം ഉറപ്പു വരുത്തുകയാണ് ഷിഗെല്ല രോഗബാധ തടയുന്നതിൽ പരമപ്രധാനം. വിശദാംശങ്ങളിലേക്ക്..........

(വോയ്സ്)

RNU TVPM

## ഷിഗെല്ല പ്രതിരോധം (വോയ്സ്)

മലിനമാക്കപ്പെട്ട ഭക്ഷണവും വെള്ളവും വഴിയാണ് സാധാരണ ഷിഗെല്ല ബാക്ടീരിയ ശരീരത്തിൽ പ്രവേശിക്കുന്നത്. വയറിളക്കം, രക്തത്തോട് കൂടിയ മലവിസർജ്ജനം, വയറുവേദന, പനി, തുടങ്ങിയവയാണ് പ്രധാന ലക്ഷണങ്ങൾ. രോഗാണു ശരീരത്തിൽ കയറി ഒന്നു രണ്ടു ദിവസങ്ങൾക്കകം ലക്ഷണങ്ങൾ കണ്ടു തുടങ്ങും. ആരോഗ്യവാനായ ഒരാളിൽ അഞ്ച് മുതൽ ഏഴ് ദിവസംവരെ ലക്ഷണങ്ങൾ നീണ്ടുനിന്നേക്കാം. രോഗം വരാതെ സൂക്ഷിക്കുകയാണ് ഏറ്റവും പ്രധാനം. ഭക്ഷണം കഴിക്കുന്നതിനു മുമ്പും മല-മൂത്ര വിസർജ്ജനത്തിന് ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുന്ന ശീലം ജീവിതത്തിന്റെ

ഭാഗമാക്കണം. തിളപ്പിച്ചാറിയ ശുദ്ധജലം മാത്രമേ കുടിക്കാവൂ. കഴിക്കുന്ന ഭക്ഷണം ശുചിത്വമുള്ളതും സുരക്ഷിതവുമാണെന്ന് ഉറപ്പ് വരുത്തണം. സാനിറ്ററി നാപ്കിൻ, കുട്ടികളുടെ ഡയപ്പറുകൾ തുടങ്ങിയവ വലിച്ചെറിയുന്ന ശീലം ഒഴിവാക്കി ഇവ സുരക്ഷിതമായി സംസ്കരിക്കേണ്ടതാണ്.ന്യൂസ് ഡസ്ക്, ആകാശവാണി

*******************************

## മന്ത്രി റോജി എം ജോൺ (ഇൻട്രോ)

എ പി ജെ അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവകലാശാലയുടെ ഈ വർഷത്തെ ബിടെക്, ബി ആർക് ബിരുദ പരീക്ഷാ ഫലം മന്ത്രി റോജി എം ജോൺ പ്രഖ്യാപിച്ചു. 60.1 ആണ് ബിടെക് വിജയശതമാനം. 127 എൻജിനീയറിംഗ് കോളേജുകളിലായി 30,810 വിദ്യാർത്ഥികളാണ് പരീക്ഷയെഴുതിയത്. സർവകലാശാലയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിജയ ശതമാനമാണിതെന്ന് മന്ത്രി പറഞ്ഞു.

(വോയിസ്.....)

*******************************

## സൗജന്യ യാത്ര

കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിക്കുന്ന 'പ്രിയദർശിനി' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ തിങ്കളാഴ്ച്ച തിരുവനന്തപുരം തമ്പാനൂർ ബസ് ടെർമിനലിൽ നിർവഹിക്കും. പ്രത്യേക രേഖകളോ മുൻകൂർ രജിസ്ട്രേഷനോ കൂടാതെ, പ്രായഭേദമെന്യേയാണ് ഈ മാസം 15 മുതൽ ഓർഡിനറി സർവീസുകളിൽ സൗജന്യ യാത്ര അനുവദിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. പൂജ്യം മൂല്യമുള്ള 'പ്രിയദർശിനി' ടിക്കറ്റ് ആയിരിക്കും കണ്ടക്ടർ ഇതിനായി നൽകുക.

RNU TVPM

*********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്....)

*********************************

## പ്രത്യേക പരിപാടി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ 12 വർഷം പൂർത്തിയാക്കിയ അവസരത്തിൽ, ജനോപകാരപ്രദമായ കേന്ദ്ര സർക്കാർ പദ്ധതികളെക്കുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം തയ്യാറാക്കിയ പ്രത്യേക പരിപാടി ചൊവ്വ, ശനി ദിവസങ്ങളിൽ രാത്രി 11 മണിക്ക് കേൾക്കാം.

*********************************

## മീനാക്ഷി നടരാജൻ - സുപ്രീം കോടതി

രാജ്യസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക തള്ളിയതിനെതിരെ കോൺഗ്രസ് നേതാവ് മീനാക്ഷി നടരാജൻ നൽകിയ ഹർജിയിൽ ഇടപെടാൻ വിസമ്മതിച്ച് സുപ്രീം കോടതി. നിയമപരമായ പരിഹാരത്തിനായി തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കാനും കോടതി നിർദ്ദേശിച്ചു.

*********************************

## പശ്ചിമേഷ്യ

ഒമാൻ തീരത്തിന് സമീപം വാണിജ്യ കപ്പലുകൾക്ക് നേരെ തുടർച്ചയായുണ്ടായ ആക്രമണങ്ങളിൽ, യു.എസ് നയതന്ത്ര പ്രതിനിധിയെ വിളിച്ചുവരുത്തി കേന്ദ്രസർക്കാർ പ്രതിഷേധം അറിയിച്ചു. ഇത് രണ്ടാം തവണയാണ് യുഎസ്

RNUTVPM

പ്രതിനിധിയെ വിദേശകാര്യ മന്ത്രാലയം വിളിച്ചുവരുത്തുന്നത്. അതേസമയം, പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കുന്ന തിനുള്ള കരാറിൻറെ കാര്യത്തിൽ അന്തിമ ധാരണ ഉണ്ടായിട്ടില്ലെന്ന് ഇറാൻ ഇന്ന് വ്യക്തമാക്കി. കരാർ ഏതാണ്ട് പൂർത്തിയായി കഴിഞ്ഞതായും, വൈകാതെ ഒപ്പുവക്കുമെന്നും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് അറിയിച്ചതിന് പിന്നാലെയാണ് ഇറാൻറെ പ്രസ്താവന. ഇറാന് നേർക്കുള്ള ആക്രമണങ്ങൾ നിർത്തിവച്ചതായും ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചിരുന്നു.

*******************************

## ലക്ഷദ്വീപ് പ്രതിഷേധ സമരം - ഇൻട്രോ

ലക്ഷദ്വീപിൽ പ്രതിഷേധ സമരങ്ങൾക്ക് 60 ദിവസത്തെ നിയന്ത്രണങ്ങൾ എർപ്പെടുത്തി ജില്ലാ മെജിസ്ട്രേറ്റ് പുതിയ ഉത്തരവ് ഇറക്കി. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം ........**

(വോയ്സ്)

PNU TVPM

*******************************

## പ്രതിപക്ഷ നേതാവ് - പരാതി

പ്രശസ്ത നടൻ ഇന്നസെൻ്റിന് അന്ത്യോപചാരം അർപ്പിക്കാൻ എത്തിയതുമായി ബന്ധപ്പെട്ട് ചലച്ചിത്ര സംവിധായകനും, ബിജെപി നേതാവുമായ മേജർ രവി നടത്തിയ പ്രസ്താവനയും തുടർന്ന് നടന്ന മാധ്യമ പ്രചാരണവും അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആഭ്യന്തര മന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കും പരാതി നൽകി. കൃത്രിമമായി ദൃശ്യങ്ങൾ നിർമ്മിച്ച് പ്രചരിപ്പിച്ചതിന് പിന്നിൽ

ഗൂഢാലോചനയുണ്ടെന്നും, കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കണമെന്നും പരാതിയിൽ ആവശ്യപ്പെടുന്നു.

********************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. കണ്ണൂരിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു . ഇന്ന് എട്ട് ജില്ലകളിലും, നാളെ മൂന്ന് ജില്ലകളിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം , ആലപ്പുഴ , എറണാകുളം ജില്ലകളിലെ തീരങ്ങളിൽ നാളെ പുലർച്ചെ വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

RAJU TVPM

********************************

## ഫിഫ ലോകകപ്പ്

ഫിഫ ലോകകപ്പ് ഫുട്ബോളിൽ, ഇന്ന് രാത്രി 12.30 നടക്കുന്ന ഗ്രൂപ്പ്-ബി മത്സരത്തിൽ കാനഡ, ബോസ്നിയ ആൻഡ് ഹെർസഗോവിനയെ നേരിടും . നാളെ രാവിലെ 6.30 നാണ് ഗ്രൂപ്പ് -ഡി-യിൽ യുഎസ്എ- പരഗ്വെ പോരാട്ടം.

********************************

## വനിതാ ടി-20 ക്രിക്കറ്റ്

ICC വനിതാ ടി-20 ക്രിക്കറ്റ് ലോകകപ്പിൻറെ പത്താം പതിപ്പിന് ഇന്ന് തുടക്കം. രാത്രി 11 മണിക്ക് ആരംഭിക്കുന്ന ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ട്, ശ്രീലങ്കയെ നേരിടും. 12 ടീമുകൾ മത്സരിക്കുന്ന ടൂർണമെൻറിൽ ഇന്ത്യൻ സംഘത്തെ ഹർമൻപ്രീത് കൗർ നയിക്കും.

********************************

## ഓപ്പറേഷൻ തൂഫാൻ

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 197 പേരെ അറസ്റ്റ് ചെയ്തു. 175 കേസുകളും രജിസ്റ്റർ ചെയ്തു. ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി സംസ്ഥാനത്താകെ ഇതുവരെ 2,122 കേസുകളിലായി 2,295 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

********************************

## സിവിൽ ജഡ്ജ് വിജ്ഞാപനം - റദ്ദാക്കി

കേരള ജുഡീഷ്യൽ സർവീസിൽ സിവിൽ ജഡ്ജ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം ഹൈക്കോടതി റദ്ദാക്കി. മാർച്ച് 30ന് പുറപ്പെടുവിച്ച വിജ്ഞാപനമാണ് റദ്ദാക്കിയത്. ഭേദഗതികൾ വരുത്തി പുതിയ വിജ്ഞാപനം പിന്നീട് പുറപ്പെടുവിക്കുമെന്ന് ഹൈക്കോടതി അറിയിച്ചു.

****************************************************************

RNU TVPM